**File No.EXC/3124/2019-XD3**

**കേരള എക്സൈസ് വകുപ്പ്**
**'ഭരണഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി : **28/09/2019**
ഇ-മെയിൽ :ecoffice.exc@kerala.gov.in
ഫോൺ: 0471-2322825

## സർക്കുലർ

വിഷയം: എക്സൈസ് ഭരണപരം - എക്സൈസ് ഉദ്യോഗസ്ഥരുടെ നിയമനം/സ്ഥലം മാറ്റം - മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇളവ് നൽകുന്നത്- സംബന്ധിച്ച്

സൂചന: 1.സ.ഉ(പി) നം.3/2017/ഉഭപവ തീയതി 05.02.2017

2 സർക്കുലർ നമ്പർ EXC/3124/2019-XD3 തിയതി.31.08.2019

3.പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണറുടെ 20.09.2019 തിയതിലെ P1-63/2019 നമ്പർ കത്ത്

സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സൂചന (2) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പാലക്കാട് ജില്ലയിലെ നിലവിലെ സാഹചര്യത്തിൽ സൂചന സർക്കുലറിലെ Clause(3) ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സ്പെഷ്യൽ യൂണിറ്റിൽ നിയമിക്കപ്പെടുന്ന സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എന്നിവരുടെ സേവന കാലയളവ് 18 മാസം നിലനിർത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാൽ ടി നിർദ്ദേശങ്ങളിൽ ഇളവുനല്കണമെന്നും സൂചന കത്ത് പ്രകാരം പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് Clause(3) ൽ ചുവടെ ചേർത്തിരിക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

"സ്പെഷ്യൽ യൂണിറ്റ് ഡ്യൂട്ടിയ്ക്കായി നിയമിക്കപ്പെടുന്ന സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എന്നിവരുടെ സേവന കാലയളവ് പാലക്കാട് ഒഴികെ മറ്റെല്ലാ ജില്ലകളിലും സാധാരണഗതിയിൽ 18 മാസവും പാലക്കാട് ജില്ലയിൽ കുറഞ്ഞത് 6 മാസവും ആയിരിക്കും."

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2019.09.28 12:09:22 IST
Reason: Approved

**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**

To
All Sub offices